(ബി) ഇക്കാര്യങ്ങളെപ്പറ്റി അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; എങ്കിൽ ഏതുതരം അന്വേഷണത്തിനാണ് ഉത്തരവിട്ടിട്ടുള്ളത്;

(സി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള നടപടിയുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ട്രാക്കോ കേബിൾ കമ്പനിയുടെ തിരുവല്ല യൂണിറ്റിൽ കേബിൾ ഡ്രമ്മുകളും, റീലുകളും വാങ്ങിയതിനു കൊടുത്തിട്ടുള്ള സംഖ്യയിൽ വഞ്ചനയും തട്ടിപ്പും നടന്നിട്ടുള്ളതായി പ്രാഥമികാന്വേഷണത്തിൽ കണ്ടതിനെത്തുടർന്ന് ഇതേപ്പറ്റി വിജിലൻസ് അന്വേഷണം നടത്തണമെന്ന് മാനേജ്മെന്റും ചില യൂണിയനുകളും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് സർക്കാർ ഉത്തരവിട്ടിട്ടുണ്ട്.

(ബി, സി) വിജിലൻസ് അന്വേഷണം നടത്തിവരികയാണ്.

ട്രാക്കോ കേബിൾ കമ്പനി ബി. എസ്. എൻ. എൽ.-മായി കരാർ ഉണ്ടാക്കാൻ നടപടി

36 [1175] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. എസ്. എൻ. എൽ. ട്രാക്കോ കേബിളുമായി 2003-04-ൽ കേബിൾ കരാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര കിലോമീറ്റർ കേബിളിനാണ് ഓർഡർ നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത ഓർഡർ പ്രകാരം പ്രൊഡക്ഷൻ എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ബി. എസ്. എൻ. എൽ.-ന് കേരളത്തിൽ ആവശ്യമായത്ര കേബിൾ സപ്ലൈ ചെയ്യാനുള്ള കഴിവ് ട്രാക്കോ കേബിളിനുണ്ടോ;

(ഡി) ട്രാക്കോ കേബിളിന്റെ ഉയർച്ച ലക്ഷ്യംവച്ച് ബി. എസ്. എൻ. എൽ.-ന് ആവശ്യമായ കേബിൾ പരമാവധി നൽകുന്ന തരത്തിൽ ബി. എസ്. എൻ. എൽ.-മായി കരാർ ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദർഘാസിൽ പങ്കെടുത്ത് 2003-04 വർഷത്തേയ്ക്ക് 3167 കിലോമീറ്റർ 5 പെയർ കേബിൾ നൽകുന്നതിനുള്ള ഓർഡർ ബി. എസ്. എൻ. എൽ.-ൽനിന്ന് നേടിയിട്ടുണ്ട്.

(ബി) പ്രസ്തുത ഓർഡർ പ്രകാരം 2000 കിലോമീറ്ററിൽ കൂടുതൽ പ്രൊഡക്ഷൻ എടുത്തിട്ടുണ്ട്. ബാക്കി ഉൽപ്പാദനം തുടരുന്നു.

(സി) ട്രാക്കോ കേബിൾ കമ്പനിക്ക് പ്രതിവർഷം 17.5 ലക്ഷം കണ്ടക്ടർ കിലോ മീറ്റർ പി. ഐ. ജെ. എഫ്. കേബിൾ നിർമ്മിക്കുന്നതിനുള്ള കഴിവുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly